ഇക്കാര്യത്തിൽ ഒരു തീരുമാനം എടുത്തിട്ടുണ്ട്. ഉരുൾ പൊട്ടിയ സ്ഥലങ്ങൾ, വലിയ തോതിൽ മണ്ണിടിഞ്ഞ സ്ഥലം, അപ്രതീക്ഷിതമായി വെള്ളപ്പൊക്കം ഉണ്ടായ സ്ഥലങ്ങൾക്കും ഒക്കെ പ്രത്യേകമായ ഫണ്ട് കൊടുക്കണമെന്നുള്ളതുകൊണ്ട് പത്ത് കോടി രൂപ കഴിഞ്ഞ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തന്ന കണക്കനുസരിച്ച് പത്തു-പന്ത്രണ്ട് സ്ഥലങ്ങളുണ്ട്. കിട്ടിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ പത്തു-നാൽപ്പത് കോടി രൂപ വേണം. പത്ത് കോടി രൂപയിൽ നിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ ഉത്തരവ് കൊടുക്കാം. കേന്ദ്ര സംഘം ജനുവരി 10-ാം തീയതി വരും. 11, 12, 13 തീയതികളിലാണ് അവരുടെ സന്ദർശനം. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഈ പ്രത്യേകമായ സ്ഥലങ്ങളിൽ അവരുടെ കൂടെ ഉണ്ടാകണം. ഇക്കാര്യങ്ങൾ അവരെ നല്ലവണ്ണം ബോദ്ധ്യപ്പെടുത്തണം. കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. പത്ത് കോടി രൂപ വച്ച് വിവിധ മണ്ഡലങ്ങൾക്കായി ചെയ്യാൻ കഴിയുന്നതിന്റെ ഉത്തരവ് അടുത്ത ആഴ്ച തന്നെ ഇറക്കുന്നതാണ്.

(11) കീടനാശിനികളുടെ നിരോധനം

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u>: കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനി സ്പ്രേ ചെയ്തതിലുണ്ടായ വിവിധ പ്രശ്നങ്ങളുടെ ഭാഗമായി ചില കീടനാശിനികളൊക്കെ ഒഴിവാക്കി കാസർഗോഡ് ജില്ലയെ ഒരു കീടനാശിനി വിമുക്ത ജില്ലയാക്കി മാറ്റുകയെന്നതിന്റെയടിസ്ഥാനത്തിൽ റെസ്റ്റ്, യെല്ലോ ലേബലുകളിലുള്ള കീടനാശിനികൾ ഉപയോഗിക്കേണ്ടതില്ല എന്ന നിർദ്ദേശമാണ് ഡിപ്പാർട്ടുമെന്റ് കൊടുത്തിട്ടുള്ളത്. ഈ ഗണത്തിൽപ്പെടുന്ന വളരെ പ്രധാനപ്പെട്ട ഒരു കീടനാശിനിയാണ് കോപ്പർസൾഫേറ്റ് അഥവാ തൂരിശ് എന്ന കീടനാശിനി. ജില്ലയിൽ കാർഷിക വിളകൾക്ക് പ്രത്യേകിച്ച് കവുങ്ങിന് വന്നുചേരുന്ന മാരകമായ രോഗങ്ങൾക്കെതിരായി കർഷകർ വ്യാപകമായി ഉപയോഗിക്കുന്ന ഒരു കീടനാശിനിയാണിത്. അത്ര വലിയ പാർശ്വഫലങ്ങൾ ഇല്ലാത്തതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമായ ഒരു കീടനാശിനിയാണിത് കോപ്പർ സൾഫേറ്റ് (തൂരിശ്) നിരോധിക്കുന്ന സാഹചര്യമുണ്ടായാൽ കേരളത്തിൽ ഏറ്റവുമധികം കവുങ്ങു കൃഷിയുള്ള ജില്ലയായ കാസർഗോഡ് ജില്ലയിലെ കവുങ്ങുകൃഷിയെ ഇത് വളരെ ദോഷകരമായി ബാധിക്കും. കവുങ്ങു കർഷകരും കാസർഗോഡ് ജില്ലയിലെ മുഴുവൻ കർഷക പ്രസ്ഥാനങ്ങളും ഈ കീടനാശിനിയുടെ നിരോധനം പാടില്ലെന്ന ആവശ്യം ഗവൺമെന്റിന്റെ മുൻപിൽ ഉന്നയിച്ചിട്ടുണ്ട്. ആ ഒരു സാഹചര്യത്തിൽ കോപ്പർ സൾഫേറ്റ് അഥവാ തൂരിശ് കവുങ്ങു കൃഷിക്കും മറ്റ് ചെറുകിട കാർഷിക വിളകൾക്കും ഉപയോഗിക്കാൻ ആവശ്യമായ അനുമതി നൽകണമെന്നാണ് എന്റെ സബ്മിഷൻ.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം കാസർഗോഡ് ജില്ലയിലെ മിക്കവാറും എല്ലാ കർഷക സംഘടനകളും നിവേദനമായി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എൻഡോസൾഫാന്റെ ഉപയോഗംമൂലം കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന്റെയും ജൈവകൃഷി നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിന്റെയും ഭാഗമായി കാസർഗോഡ് ജില്ലയെ പൂർണ്ണമായും ജൈവകൃഷി മേഖലയാക്കി മാറ്റുകയെന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ പടിയായി വിഷാംശം കൂടിയ കടുംചുവപ്പും കടുംമഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന രാസകീടനാശിനികളുടെ ഉത്പാദനവും വിതരണവും ഉപയോഗവും കാസർഗോഡ് ജില്ലയിൽ നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ ഏകദേശം ഒരു ലക്ഷം ഹെക്ടറിൽ കവുങ്ങു കൃഷി ചെയ്യുന്നുണ്ട്. ചെറുകിട/നാമമാത്ര കർഷകരാണ് അവരിൽ കൂടുതലും. കാസർഗോഡ് ജില്ലയിൽ മാത്രം ഏകദേശം 15,000 ഹെക്ടർ സ്ഥലത്ത് കവുങ്ങുകൃഷി ചെയ്യുന്നുണ്ട്. കവുങ്ങു കൃഷിയെ പ്രധാനമായി ബാധിക്കുന്ന മാഹാളി എന്ന കുമിൾ രോഗത്തിനെതിരെ തളിക്കുന്നത് തുരിശും ചുണ്ണാമ്പും ചേർന്നുണ്ടാക്കുന്ന ലായനിയാണ്. ഇതിന് യാതൊരു ദുഷ്യഫലങ്ങളുമുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നാണ് ബന്ധപ്പെട്ടവർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ ഇതിന്റെ ചെലവ് വളരെ കുറവുമാണ്. ഒരു കീടനാശിനിയല്ലാത്ത തുരിശ് മഞ്ഞ നിറത്തിലുള്ള ലേബലിലാണ് പായ്ക്ക് ചെയ്തുവരുന്നത് എന്നതിനാൽ നിരോധനത്തിൽപ്പെട്ടിട്ടുണ്ട്. കവുങ്ങ് കൃഷിക്കും മറ്റ് കൃഷികൾക്കും ഇത് കുമിൾ നാശിനിയായി ഉപയോഗിക്കുന്നതിനാൽ കാസർഗോഡ് ജില്ലയിലെ കർഷകരുടെ ആവശ്യം പരിഗണിച്ച് തുരിശിനെ നിരോധനത്തിൽനിന്ന് ഒഴിവാക്കുന്ന കാര്യം അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കുന്നതാണ്.

(12) വനയോര മേഖലയിലെ പട്ടയ വിതരണം

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, ഇടുക്കി ജില്ലയിൽ പട്ടയത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്ന കർഷക കുടുംബങ്ങൾ ആകെ നിരാശരാണ്. പട്ടയം നൽകാൻ മുമ്പ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള തീയതികളെല്ലാം പിന്നിട്ടുകഴിഞ്ഞു. സമീപ കാലത്ത് റവന്യു വകുപ്പുമന്ത്രി തന്നെ ജില്ലാ ആസ്ഥാനമായ പൈനാവ് കളക്ടറേറ്റിൽ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളേയും ജനപ്രതിനിധികളേയും വിളിച്ചുചേർത്ത് ചർച്ച നടത്തി. ആ യോഗത്തിൽവച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞിരുന്നെങ്കിലും സി.എച്ച്.ആർ. മേഖല വനപ്രദേശമാണെന്നും അവിടുത്തെ കൈവശ കൃഷിക്കാർക്ക് പൂർണ്ണാവകാശത്തോടുകൂടിയുള്ള പട്ടയം കൊടുക്കരുതെന്നും പ്രസ്താവിച്ചുകൊണ്ടുള്ള വനം വകുപ്പ് സെക്രട്ടറിയുടെ ഒരു നോട്ട് റവന്യു സെക്രട്ടറിക്ക് നൽകിയതായി മനസ്സിലാക്കാൻ കഴിയുന്നു. ഇത് ഗവൺമെന്റ് പോളിസിക്ക് ചേർന്നതാണോ എന്ന് പരിശോധിക്കണം. 2010 ജനുവരിയിലെ സുപ്രീം കോടതി ഉത്തരവിൽ പൂർണ്ണാവകാശത്തോടുകൂടിയുള്ള പട്ടയം സാധൂകരിച്ചിട്ടുള്ള പശ്ചാത്തലത്തിൽ തുടർനടപടികൾ പൂർത്തീകരിച്ച് പദ്ധതി ഉപേക്ഷിക്കപ്പെട്ട പെരിഞ്ഞാൻകുട്ടി ഉൾപ്പെടെയുള്ള പദ്ധതി പ്രദേശങ്ങളിൽ 2011 ജനുവരിയിൽ തന്നെ പട്ടയം നൽകാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly